# കോവിഡ് കാലത്തെ കുടുംബശ്രീ പ്രവർത്തനങ്ങൾ

## ചൊക്ലി ഗ്രാമപഞ്ചായത് സി ഡി സ്

# ആമുഖം

ചൊക്ലി ഗ്രാമ പഞ്ചായത്ത് 1964 ഇൽ മേനപ്രം , ഒളവിലം എന്നീ വില്ലജ് സംയോജിപ്പിച്ചുകൊണ്ട് 11 .98 ച.കി .മി വിസ്തൃതിയിലുള്ള ഈ പ്രദേശം 5 വാർഡുകളോട1979ഇൽ രൂപീകൃതമായി .ഈ പഞ്ചായത്തിന്റെ അതിർത്തികൾ തെക്ക് മയ്യഴിപുഴയും വടക്ക് പന്ന്യന്നൂർ ,പെരിങ്ങളം ഗ്രാമപഞ്ചായത്തു, പടിഞ്ഞാറു ന്യൂമാഹി ,പോണ്ടിച്ചേരി ,പള്ളൂർ ,കിഴക്ക് കരിയാട് ,പെരിങ്ങളം ഗ്രാമപഞ്ചായത്തുമാണ്.

ദേശീയ പ്രസ്ഥാനത്തിനും സാമൂഹിക രാഷ്ട്രീയ സാഹിത്യ പ്രസ്ഥാനത്തിനും മാതൃകാപരമായ പ്രവർത്തനം ചൊക്ലി നിവാസികൾ നാടിനുമുന്നിൽ കാഴ്ച വെച്ചിട്ടുണ്ട് അതിൽ പ്രമുഖർ ഊരാച്ചേരി ഗുരുനാഥന്മാരാണ് എന്ന് സ്മരണീയമാണ് .ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ചൂരൽ വ്യവസായവും ചൊക്ളിയിൽ തന്നെയാണ് .വളരെ വ്യത്യസ്തമായ സാമൂഹിക രാഷ്ട്രീയസാമ്പത്തിക ചുറ്റുപാടിൽ ജീവിക്കുന്ന ചൊക്ളിപഞ്ചായത്തിലെ സ്ത്രീകളുടെ ഉന്നമനത്തിനു വേണ്ടി 2002 ഇൽ കുടുംബശ്രീ രൂപീകൃതമായി .കുടുംബശ്രീ വന്നതോടുകൂടി സ്ത്രീകൾ സമൂഹത്തിലെ വിവിധ സാമൂഹിക പ്രശ്നങ്ങളിൽ ഇടപെട്ട് സാമൂഹിക മാറ്റം വരുത്തി .അസംഘടിതമായ സ്ത്രീസമൂഹത്തെ സംഘടിതമാക്കിയത് കുടുംബശ്രീ വഴിയാണ് .അതുവഴി അവരുടെ ജീവിതരീതിയും മെച്ചപ്പെട്ടു .കൂടാതെ തൊഴിലുറപ്പുപദ്ധതി വഴി സാമ്പത്തികമായി സ്വയം പര്യാപ്തതയിൽ എത്താൻ സ്ത്രീസമൂഹത്തിനു കഴിഞ്ഞു .ഇത് രണ്ടും വിജയകരമായി നടത്താൻ ഒരു പരിധിവരെ ചൊക്ലിപഞ്ചായത്തിന് കഴിഞ്ഞു .ചൊക്ലി പഞ്ചായത്തിൽ നല്ലരീതിയിൽ നടക്കുന്ന അപ്പാരൽ പാർക്ക് ന്യൂട്രിമിക്സ് എന്നിവ കുടുംബശ്രീയുടെ മൈക്രോ ഫൈനാൻസിങ് സംരംഭങ്ങളാണ് .അപ്പാരൽ പാർക്കിലൂടെ 20കുടുംബശ്രീ അംഗങ്ങൾക് സ്ഥിരമായി ജോലി നല്കാൻ കഴിഞ്ഞു എന്നുള്ളത് അഭിമാനകരമാണ് .17 വാർഡുകളിലായി 180 അയൽക്കൂട്ടങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട് .

ജില്ലാമിഷന്റെ നിർദേശങ്ങൾ എല്ലാപ്രവർത്തനങ്ങളും ചെയ്തുവരുന്ന ചൊക്ലി സിഡിഎസ് ഈ കോവിഡ് കാലത്തും കുടുംബശ്രീ പ്രവർത്തനം നല്ലരീതിയിൽ ചെയ്തു വരുന്നു .ലോക്ക് ഡൌൺ ആയതുമുതൽ കുടുംബശ്രീ ത്രിതലസംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി 17 വാർഡുകളിലും എ ഡിസ് വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ ഉണ്ടാക്കി ,പരമാവധി അയൽക്കൂട്ടങ്ങൾക്കും ഗ്രൂപ്പുകൾ ഉണ്ടാക്കി ജില്ലാമിഷന്റെ നിർദേശങ്ങൾ അതാതുസമയം തന്നെ താഴെ തട്ടിൽ എത്തിച്ചുകൊടുക്കുന്നുണ്ട് . കുടുംബശ്രീ സംരംഭമായ വാവതട്ടുകട കമ്മ്യൂണിറ്റി കിച്ചൺ ആയി മാറ്റി ഒരുപാട് ആളുകൾക്കു ഭക്ഷണം കൊടുക്കാൻ സാധിച്ചു

.കുടുംബശ്രീ ചെയർപേഴ്സൺ അടക്കം പലരുടെയും സംഭാവനകൾ കമ്മ്യൂണിറ്റി കിച്ചന് ലഭിച്ചിട്ടുണ്ട് .




ലോക്ക് ഡൌൺ സമയത്ത് നടത്തിയ രചന മത്സരങ്ങളിൽ നല്ലപങ്കാളിത്തം ഉണ്ടായിരുന്നു .അനുഭവക്കുറിപ്പ് മത്സരത്തിൽ കുടുംബശ്രീ അംഗമായ രതി രവീന്ദ്രൻ പാനൂർ ബ്ലോക്കിൽ ഒന്നാം സ്ഥാനം നേടി .

മാസ്ക് നിർമാണത്തിലും തുണിസഞ്ചി നിർമാണത്തിലും കുടുംബശ്രീയുടെ വലിയൊരു പങ്കാളിത്തം ഉണ്ടായിരുന്നു .അതിലൂടെ കുടുംബശ്രീ അംഗങ്ങൾക് ചെറിയൊരു വരുമാനം നേടിക്കൊടുക്കാൻ കഴിഞ്ഞു .



കുടുംബശ്രീ ജില്ലാമിഷൻ നടപ്പിലാക്കിയ മൈക്രോ ഗ്രീൻ പരിപാടിയിൽ നല്ല പങ്കാളിത്തം ഉണ്ടായിരുന്നു

വന്ദനം കുടുംബശ്രീ അംഗമായ സിന്ധുപാനൂർ ബ്ലോക്കിൽ മൂന്നാം സ്ഥാനം നേടി.





മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പ്പദ്ധതിയിലൂടെ 144 അയൽക്കൂട്ടങ്ങൾക്ക് സഹായം ലഭ്യമാക്കാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് 50 % വായ്പയും ലഭിച്ചിട്ടുണ്ട്



ഹോട് സ്പോട് ആയി പ്രഖ്യാപിച്ചതുകൊണ്ട് ഹോം ഡെലിവറി സംവിധാനത്തിലൂടെ ആവശ്യസാധനങ്ങൾ ,മരുന്ന് ,റേഷൻ സാധനങ്ങൾ എന്നിവ എത്തിക്കുന്നതിലും ,സപ്ലൈകോ കിറ്റ് പാക്കിങ് ചെയ്യുന്നതിലുംകുടുംബശ്രീയുടെ പങ്കാളിത്തം ഉണ്ടായിരുന്നു





പഞ്ചായത്തിന്റെ കാൾ സെന്ററുകളിലും കുടുംബശ്രീയുടെ സാന്നിധ്യം ഉണ്ടായിരുന്നു .

സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി jlg കളുംഅയൽക്കൂട്ടങ്ങളും തരിശു ഭൂമിയിൽ നെൽകൃഷിയും മറ്റു വിളകളും കൃഷി ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്




sslc ,പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള മാസ്ക് വിതരണത്തിലും അയൽക്കൂട്ട അംഗങ്ങൾ പങ്കെടുത്തു .

ഇനി വരും നാളുകളിൽ കൂടുതൽ കരുത്തോടെ എല്ലാപ്രവർത്തനങ്ങളും ഏറ്റെടുത്തുനടത്താൻ കഴിയുമെന്ന വിശ്വാസത്തോടെ

റിജില വി പി (9400594360 ) ഉഷ കെ വി(8157028535)

ബ്ലോക്ക് കോഓർഡിനേറ്റർ (MIS ) സിഡിസ് ചെയർപേഴ്സൺ

പാനൂർ ബ്ലോക്ക് ഒപ്പ്